# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1014

14.06.2012 -ലെ
മറുപടിയ്ക്ക്

## സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ ചർച്ച

| ചോദ്യം<br>ശ്രീ വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ പി.കെ. അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തൊക്കെ തീരുമാനങ്ങളാണ് ഉരുത്തിരിഞ്ഞത് എന്ന് വ്യക്തമാക്കാമോ ? | (എ) സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ സീറ്റ് വിഭജനവും, ഫീസും സംബന്ധിച്ച് ധാരണയിൽ എത്തിച്ചേർന്നു. ഇതു സംബന്ധിച്ച തീരുമാനങ്ങൾ 07.06.2012 തിയതിയിലെ സ.ഉ (എം.എസ്) നം. 175/12/ഉ.വി.വ , സ.ഉ (എം.എസ്) നം. 176/12/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ നടത്തുന്ന എൻട്രൻസ് പരീക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ടോ ? | (ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 35% മാനേജ്മെന്റ് സീറ്റിൽ പ്രവേശനത്തിനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവേശന പരീക്ഷ നടത്താൻ അനുവാദം നൽകിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ